©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2017 ഡിസംബർ 20<br>20th December 2017<br>1193 ധനു 5<br>5th Dhanu 1193<br>1939 അഗ്രഹായനം 29<br>29th Agrahayana 1939 | നമ്പർ<br>No. 2782 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 25890/ലെഗ്.സി3/2017/നിയമം. *തിരുവനന്തപുരം, 2017 ഡിസംബർ 20 / 1193 ധനു 5 / 1939 അഗ്രഹായനം 29.*

2017 ഡിസംബർ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/4500/2017/S-18.

## 2017-ലെ 36-ാം നമ്പർ ഓർഡിനൻസ്

# 2017-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

വ്യത്യസ്ത നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2017-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 22) 2017 ഒക്ടോബർ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2017 നവംബർ 9-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2017-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്റ്റും 1994-ലെ 20-ാം ആക്റ്റും 2000-ലെ 5-ാം ആക്റ്റും 2013-ലെ 18-ാം ആക്റ്റും താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിനും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിനും 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിനും 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിനും 3 മുതൽ 6 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13-ാം ആക്റ്റ്),—

(1) 232-ാം വകുപ്പിൽ,—

(എ) പ്രസ്തുത വകുപ്പിന് മുൻപായി വരുന്ന "അപായകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളും ഫാക്ടറികളും" എന്ന ശീർഷകത്തിന് പകരം "ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ, വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ" എന്ന വാക്കുകൾക്ക് പകരം, "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 233-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ "സെക്രട്ടറിയെ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) അപേക്ഷ, അനുബന്ധ പ്രമാണങ്ങൾ സഹിതം ലഭിച്ചാൽ സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കൈപ്പറ്റു രസീതു നൽകേണ്ടതും, അപേക്ഷയും എല്ലാ അനുബന്ധരേഖകളും പ്രസ്തുത സ്ഥലത്തുവച്ചുതന്നെ പരിശോധിക്കേണ്ടതും, ആവശ്യമായ അനുബന്ധരേഖകൾ, ഏതെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സമർപ്പിക്കാൻ വിട്ടുപോയ രേഖകളുടെ പട്ടിക, എത്രയുംവേഗം അപേക്ഷകനെ അറിയിക്കേണ്ടതും, അപ്രകാരമുള്ള രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച് അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.";

(സി) (3)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുള്ളതാണ് എന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും, ഗ്രാമപഞ്ചായത്ത് അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ച ശേഷം കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്.";

(ഡി) (4)-ാം ഉപവകുപ്പിൽ,—

(i) "അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "അനുവാദം നൽകുന്നതിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനുപകരം "സെക്രട്ടറി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിൽ "അപേക്ഷകൻ, ആശുപത്രിയോ ക്ലിനിക്കോ പാരാമെഡിക്കൽ സ്ഥാപനമോ ക്ലിനിക്കൽ ലബോറട്ടറിയോ മറ്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളോ ആകുന്ന സംഗതിയിൽ" എന്ന വാക്കുകൾ ആദ്യം ചേർക്കേണ്ടതാണ്.

(ഇ) (5)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ഈ വകുപ്പ് പ്രകാരം, അനുവാദത്തിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ, സെക്രട്ടറി അതിന്മേലുള്ള ഏതെങ്കിലും ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരിക്കുന്ന പക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടുന്നതും, അതിനുശേഷം ഏതെങ്കിലും വ്യവസ്ഥ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനകം ലഭിച്ച മറുപടി ഏതെങ്കിലും, ഉണ്ടെങ്കിൽ, അത് പരിശോധിച്ചതിനുശേഷവും, ലൈസൻസ് റദ്ദാക്കുവാൻ, സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും, അപ്രകാരം ലൈസൻസ് റദ്ദാക്കുന്നതിനുമേൽ സെക്രട്ടറിക്ക് അഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതുമാണ്.";

(3) 233എ വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "ഗ്രാമപഞ്ചായത്തിന്" എന്ന വാക്കിന് പകരം "സെക്രട്ടറിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സെക്രട്ടറിക്ക്, ബന്ധപ്പെട്ട ഫാക്ടറിയുടേയോ, വർക്ക് ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടേയോ, ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിദഗ്ദ്ധോപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, കഴിയുന്നത്ര വേഗം, എന്നാൽ അപ്രകാരമുള്ള ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിനുമുമ്പായി നൽകേണ്ടതുമാണ്.".

4. <u>1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.</u>—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20),—

(1) 447-ാം വകുപ്പിൽ,—

(എ) പ്രസ്തുത വകുപ്പിന് മുൻപുള്ള "വ്യവസായങ്ങളും ഫാക്ടറികളും മറ്റു വ്യാപാരങ്ങളും" എന്ന ശീർഷകത്തിന് പകരം "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "സെക്രട്ടറിയോട് അപേക്ഷിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ നൽകേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2 എ) അപേക്ഷ, അനുബന്ധരേഖകൾ സഹിതം ലഭിക്കുന്നതിൻമേൽ, സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ, കൈപ്പറ്റു രസീത് നൽകേണ്ടതും അപ്രകാരം ലഭിച്ചാൽ ഉടൻ, അപേക്ഷയും എല്ലാ അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും ആവശ്യമായ ഏതെങ്കിലും അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലെന്നു കാണുന്ന പക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, സമർപ്പിക്കാൻ വിട്ടുപോയ രേഖ ഉടൻ അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുമ്പായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.";

(ഡി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എല്ലാ അനുബന്ധരേഖകളും മറ്റു വകുപ്പുകളിൽ നിന്നോ അധികാരസ്ഥാനങ്ങളിൽ നിന്നോ ഉള്ള നിർണ്ണയിക്കപ്പെട്ട ക്ലിയറൻസുകൾ സഹിതം ലഭിക്കുന്ന തീയതി മുതൽ അഞ്ചു ദിവസത്തിനകം, ഉത്തരവ് വഴി, തനിക്കു യുക്തമെന്നു തോന്നുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, വ്യവസായങ്ങളോ ഫാക്ടറികളോ വ്യാപാരങ്ങളോ സംരംഭക പ്രവർത്തനങ്ങളോ മറ്റു സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കുവാൻ, ലൈസൻസ് നൽകേണ്ടതാണ്.";

(ഇ) (3എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(എഫ്) (4)-ാം ഉപവകുപ്പിൽ "മൂന്നുവർഷം" എന്ന വാക്കിനു പകരം, "അഞ്ചുവർഷം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ജി) (5)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5എ) ഈ വകുപ്പിൻ കീഴിൽ നൽകപ്പെട്ട ലൈസൻസിന് അഞ്ചുവർഷക്കാലത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന്, മുപ്പത് ദിവസം മുൻപായി നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന്മേൽ, അപേക്ഷ കൂടാതെ തന്നെ ലൈസൻസ് കൂടുതലായി അഞ്ചുവർഷക്കാലയളവിലേക്ക് കൂടി പുതുക്കി നൽകേണ്ടതുമാണ്.";

(2) 448-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "സെക്രട്ടറിയെ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) അപേക്ഷ അനുബന്ധരേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കൈപ്പറ്റു രസീത് നൽകേണ്ടതും, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും എല്ലാ അനുബന്ധ

രേഖകളും സ്ഥലത്തുവച്ചുതന്നെ പരിശോധിക്കേണ്ടതും, അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഏതെങ്കിലും സമർപ്പിച്ചിട്ടില്ലാത്തപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സമർപ്പിക്കുവാൻ വിട്ടുപോയ രേഖ ഏതെങ്കിലും ഉണ്ടെങ്കിൽ, ഉടൻ ആയത് അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സമർപ്പിച്ചിട്ടില്ലാത്ത രേഖകൾ എത്രയുംവേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചുദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.";

(സി) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷ ലഭിച്ചതിനുശേഷം, കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്ര സാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലം ശല്യമോ മലിനീകരണമോ ഉണ്ടാക്കാമെന്ന കാരണത്താൽ ആക്ഷേപമുണ്ടെങ്കിൽ, അത് കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ അപേക്ഷയും, സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്.";

(ഡി) (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ "സ്ഥാപിക്കാനുദ്ദേശിക്കുന്ന" എന്ന വാക്കിന് മുമ്പ് "അപേക്ഷകൻ ഒരു ആശുപത്രിയോ ക്ലിനിക്കോ പാരാമെഡിക്കൽ സ്ഥാപനമോ ക്ലിനിക്കൽ ലബോറട്ടറിയോ മറ്റ് ഏതെങ്കിലും ആരോഗ്യപരിപാലന സ്ഥാപനമോ ആകുന്ന സംഗതിയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (5)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5എ) ഈ വകുപ്പ് പ്രകാരം, അനുവാദത്തിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു ഉത്തരവും, അപേക്ഷകനെ അറിയിക്കാതിരിക്കുന്ന പക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടുന്നതാണ്:

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ സെക്രട്ടറി, കൗൺസിലിന്റെ അംഗീകാരത്തോടെ, അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിച്ച മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിനുശേഷവും, ലൈസൻസ് റദ്ദാക്കാവുന്നതാണ്:

എന്നുമാത്രമല്ല, അപ്രകാരം റദ്ദാക്കുന്നതിൻമേൽ, സെക്രട്ടറിക്ക് അപേക്ഷകന് മേൽ അഞ്ചുലക്ഷത്തിൽ കവിയാത്ത ഒരു തുക പിഴയായി ചുമത്താവുന്നതാണ്.";

(3) 449-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "കൗൺസിലിന്" എന്ന വാക്കിന് പകരം, "സെക്രട്ടറിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സെക്രട്ടറിക്ക്, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടെയോ, ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വിദഗ്ദ്ധോപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, എത്രയും വേഗം, എന്നാൽ ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിന് മുമ്പായി പ്രസ്തുത വകുപ്പ് നൽകേണ്ടതുമാണ്.";

(4) 450-ാം വകുപ്പിൽ,—

(എ) (ഐ) ഇനത്തിന് ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗ്രീൻ ആന്റ് വൈറ്റ് കാറ്റഗറിയായി സാക്ഷ്യപ്പെടുത്തിയ വ്യവസായ യൂണിറ്റുകൾ.";

(ബി) ക്ലിപ്തനിബന്ധനയിൽ, "(എച്ച്)-ഉം (ഐ)-ഉം ഇനങ്ങളിൽ" എന്ന അക്ഷരങ്ങൾക്കും ബ്രാക്കറ്റുകൾക്കും വാക്കുകൾക്കും പകരം "(എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളിൽ" എന്ന അക്ഷരങ്ങളും ബ്രാക്കറ്റുകളും, വാക്കുകളും ചേർക്കേണ്ടതാണ്.

5. 2000-ലെ 5-ാം ആക്റ്റിന്റെ ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5-ാം ആക്റ്റ്),—

(1) ദീർഘ ശീർഷകത്തിൽ "കേരള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും അതിന്റെ പുതുക്കൽ ഉൾപ്പെടെ വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) പീഠികയിൽ,—

(i) "വ്യവസായങ്ങളുടെ" എന്ന വാക്കിന് പകരം "വ്യവസായങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ" എന്ന് തുടങ്ങുന്നതും "സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും" എന്ന് അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം, താഴെ പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"കേരള സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും, എല്ലാ വ്യവസായ സ്ഥാപനങ്ങളും വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വേണ്ടിയുള്ള ക്ലിയറൻസുകൾ നൽകുന്നതിനും, ലൈസൻസുകൾ പുതുക്കുന്നതിനും അതിലേക്കായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായ നഗരപ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും.";

(3) 2-ാം വകുപ്പിൽ,—

(എ) ഖണ്ഡത്തിൽ,—

(i) "മുനിസിപ്പാലിറ്റിയോ" എന്ന വാക്കിനുശേഷം "നിയമ പരമായ നികായമോ സേവനദാതാക്കളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "പെർമിറ്റുകളോ" എന്ന വാക്കിനുശേഷം "അനുമതിയോ അതിന്റെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) "വ്യവസായ സംരംഭം" എന്ന വാക്കിന് പകരം "വ്യവസായസ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "ക്ലിയറൻസുകൾ" എന്നാൽ കേരള സംസ്ഥാനത്ത്, വിവിധ കേന്ദ്ര നിയമങ്ങളോ സംസ്ഥാന നിയമങ്ങളോ അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം ആവശ്യമായിട്ടുള്ളതും യൂട്ടിലിറ്റി സർവ്വീസുകൾ നൽകുന്നതിനും കാലാകാലങ്ങളിൽ അത് പുതുക്കുന്നതിനും കേരള സംസ്ഥാനത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ആവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ അല്ലെങ്കിൽ അനുമതി എന്നിവ ഉൾപ്പെടെയുള്ള വിവിധ ക്ലിയറൻസുകൾ എന്നർത്ഥമാകുന്നു;";

(സി) (ഡി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി എ) "വ്യവസായ സ്ഥാപനം" എന്നാൽ ഉൽപാദനം, അല്ലെങ്കിൽ സംസ്കരണം അല്ലെങ്കിൽ സേവനം പ്രദാനം ചെയ്യൽ അല്ലെങ്കിൽ കച്ചവടം അല്ലെങ്കിൽ അടിസ്ഥാന മേഖലയിലുള്ള നിക്ഷേപം ഉൾപ്പെടെയുള്ള ഏതെങ്കിലും വാണിജ്യപ്രവർത്തനങ്ങൾ, എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ ഫാക്ടറിയോ വർക്ക്ഷോപ്പോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ വ്യവസായമോ പണിസ്ഥലമോ എന്നർത്ഥമാകുന്നു;";

(ഡി) (ജെ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(4) 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി" എന്ന വാക്കുകൾക്കുപകരം, "വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ, നികുതി, ജലവിഭവം, ഊർജ്ജം, വനം, പരിസ്ഥിതി, ടൂറിസം, ആരോഗ്യം, നിക്ഷേപം പ്രോത്സാഹിപ്പിക്കൽ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ;

(ഡി) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ, കേരള സർക്കാർ;

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും;

(എഫ്) ചീഫ് ടൗൺ പ്ലാനർ;

(ജി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(എച്ച്) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(ജെ) മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ;

(കെ) അഗ്നിശമന രക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറൽ.";

(സി) (5)-ാം ഉപവകുപ്പിൽ, "സമയങ്ങളിലും" എന്ന വാക്കിന് പകരം "മുപ്പത് ദിവസത്തിൽ കവിയാത്ത ഇടവേളകളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(5) 4-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട ജില്ലാ കളക്ടർ;

(ബി) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(സി) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ/മുനിസിപ്പൽ കോർപ്പറേഷന്റെ മേയർ;

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസറോ അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യ ടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ, ജില്ലയിൽ അധികാരിതയുള്ള വൈദ്യുതി സർക്കിളിലെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗര വികസന അതോറിറ്റിയുടെ സെക്രട്ടറി അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി;

(എൻ) സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത കേരള ജല അതോറിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ;

(പി) ടൂറിസം ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ടൂറിസം വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ക്യൂ) പൊതുമരാമത്തു വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത പൊതുമരാമത്തു വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ആർ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ഓഫീസർ.";

(ബി) (5)-ാം ഉപവകുപ്പിൽ, "അങ്ങനെയുള്ള സമയത്തും" എന്ന വാക്കുകൾക്ക് പകരം "ഇരുപതു ദിവസത്തിൽ കൂടാതെയുള്ള ഇടവേളകളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(6) 5-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ചെറുകിട വ്യവസായ സംരംഭങ്ങളോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിന്" എന്ന വാക്കുകൾക്ക് പകരം, "വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാര സ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ;

(ജെ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സിലെ ജില്ലാ ഓഫീസർ;

(കെ) അഗ്നിശമന രക്ഷാസേവന വകുപ്പിലെ ഡിവിഷണൽ ഓഫീസർ

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(പി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സെക്രട്ടറി;

(ക്യൂ) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(ആർ) ബന്ധപ്പെട്ട വ്യവസായപ്രദേശത്തെ നിയുക്ത അധികാരസ്ഥാനം, സ്വകാര്യ പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ.";

(സി) (4)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ജില്ലാ കളക്ടർ അതിന്റെ ചെയർമാനും ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനവും ആയിരിക്കുന്നതും, അല്ലെങ്കിൽ പ്രൈവറ്റ് പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ വ്യവസായ കേന്ദ്ര ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.";

(7) 6-ാം വകുപ്പിൽ,—

(എ) "സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങളെയും" എന്ന വാക്കുകൾക്ക് പകരം, "സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയ എല്ലാ വ്യവസായ സ്ഥാപനങ്ങളെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്" എന്ന വാക്കുകൾക്കുശേഷം, "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അതിന്റെ വിപുലീകരണവും, വൈവിദ്ധ്യവൽക്കരണവും, ആധുനികവൽക്കരണവും ഉൾപ്പെടെ വ്യാപാര ലൈസൻസുകൾ നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(8) 7-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ഒരു വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ" എന്ന വാക്കുകൾക്ക് പകരം "വ്യവസായസ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) "സർട്ടിഫിക്കറ്റുകൾ" എന്ന വാക്കിന് ശേഷം, "അല്ലെങ്കിൽ ലൈസൻസുകളുടെ പുതുക്കൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ യാതൊരു മാറ്റവുമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനായി ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ" എന്ന വാക്കുകൾക്ക് പകരം, "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ യാതൊരു മാറ്റവുമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ, "അറിയിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "അറിയിക്കേണ്ടതും ബോർഡിൽ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷകന് യാതൊരു അറിയിപ്പും ലഭിക്കാത്തപക്ഷം, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് ബോർഡ് അനുവാദം നൽകിയതായി കരുതപ്പെടേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(9) 8-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

"രണ്ടു ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായസ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) "അറുപതു ദിവസത്തിനകവും" എന്ന വാക്കുകൾക്ക് പകരം "മുപ്പത് ദിവസത്തിനകവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ, "അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ,—

"അറിയിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനം ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന് അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതത് സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്തപക്ഷം, പ്രസ്തുത മുപ്പത് ദിവസ കാലയളവിന് ശേഷം അപേക്ഷിച്ചിട്ടുള്ള ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (4)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ, പതിനഞ്ചു കോടി രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട ജില്ലാ ബോർഡ് മുമ്പാകെ അപേക്ഷിച്ച ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നിരസിക്കപ്പെടുകയോ ഉപാധികളോടെ നൽകുകയോ ചെയ്താൽ സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരം നിരസിച്ചുകൊണ്ടോ ഉപാധികളോടെ ലൈസൻസ് നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ ജില്ലാ ബോർഡിൽ നിന്നും ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, നിർണ്ണയിക്കപ്പെട്ട പ്രകാരം, സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും, സംസ്ഥാന ബോർഡ് അപ്പീൽ, അപ്പീൽ ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.";

(10) (9)-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ചെറുകിട വ്യവസായ സംരംഭം അല്ലാത്ത ഏതൊരു വ്യവസായ സംരംഭവും" എന്ന വാക്കുകൾക്കു പകരം, "ആകെ നിക്ഷേപം പതിനഞ്ചുകോടി രൂപയിൽ കവിഞ്ഞ വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുശേഷം, "അതിന്റെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) "നാൽപ്പത്തിയഞ്ച് ദിവസത്തിനകവും" എന്ന വാക്കുകൾക്കു പകരം "മുപ്പത് ദിവസത്തിനകവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ, "അപേക്ഷിച്ച പ്രകാരമുള്ള ലൈസൻസോ, അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുവാനോ" എന്ന വാക്കുകൾക്ക് പകരം, "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ നൽകുവാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) (3)-ാം ഉപവകുപ്പിൽ, "അറിയിക്കേണ്ടതാണ്" എന്ന വാക്കിനു പകരം, "അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾ ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന് അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്തപക്ഷം, പ്രസ്തുത മുപ്പത് ദിവസകാലയളവിനുശേഷം, അപേക്ഷിച്ചിട്ടുള്ള, ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (3)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഏതെങ്കിലും സംരംഭകൻ, സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനം സ്ഥാപിക്കുന്നതിലോ അല്ലെങ്കിൽ അപ്രകാരമുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിലോ, നടപ്പിലാക്കുന്നതിലോ പ്രവർത്തിപ്പിക്കുന്നതിലോ അഭിമുഖീകരിക്കുന്ന വിവിധ തർക്കങ്ങളും പ്രശ്നങ്ങളും ആയി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിന് ശിപാർശകൾ നൽകുന്നതിനും സംസ്ഥാനത്തെ നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്, മെച്ചപ്പെട്ട വ്യാവസായിക പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനും സംസ്ഥാന ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.'';

(11) 10-ാം വകുപ്പിനു. പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''10. <u>ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകലും അതിന്റെ പുതുക്കലും.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റിന്റെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ, ജില്ലാ ബോർഡോ വ്യവസായ പ്രദേശ ബോർഡോ, ബന്ധപ്പെട്ട ബോർഡിൽ അപേക്ഷ ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കകം, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ അല്ലെങ്കിൽ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാതിരിക്കുകയോ പ്രസ്തുത അപേക്ഷ നിരസിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവ് അവസാനിച്ചതിനുശേഷം, അതതു സംഗതിപോലെ, ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകിയതായി കരുതപ്പെടേണ്ടതുമാണ്.'';

(12) 11-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "മാറ്റങ്ങളോടുകൂടി ശിപാർശ ചെയ്യപ്പെടുകയോ" എന്ന വാക്കുകൾക്കു പകരം "അപ്രകാരമുള്ള ഉപാധികളോടെ നൽകപ്പെടുകയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "അപ്രകാരമുള്ള നിരസിക്കലോ ശിപാർശയോ" എന്ന വാക്കുകൾക്കുപകരം "അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "ഇരുപത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) 11-ാം വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"11 എ. സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡുകളുടെയും വ്യാവസായിക പ്രദേശ ബോർഡുകളുടെയും അധിക അധികാരം.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഈ ആക്റ്റിന്റെ മറ്റു വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ, സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യാവസായിക പ്രദേശ ബോർഡിനോ ചട്ടങ്ങൾക്ക് കീഴിൽ നിർണ്ണയിക്കപ്പെട്ട സംയുക്ത അപേക്ഷ, ബന്ധപ്പെട്ട വകുപ്പിന്റെ ശിപാർശയോടുകൂടി ലഭിക്കുന്നതിൻമേൽ, സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആയി, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, സംയുക്ത ലൈസൻസ്, അപേക്ഷകന് നൽകേണ്ടതും ബന്ധപ്പെട്ട ബോർഡ് നൽകിയിട്ടുള്ള അപ്രകാരമുള്ള സംയുക്ത ലൈസൻസ്, ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും ബാധകമായിരിക്കുന്നതും, നൽകിയ തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് അതിന് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, വാടകയ്ക്കോ പാട്ടത്തിനോ നൽകിയിട്ടുള്ള കെട്ടിടത്തിൽ ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നപക്ഷം, സംയുക്ത ലൈസൻസിന്റെ പ്രാബല്യം, പാട്ടത്തിന്റെയോ വാടകയുടെയോ കാലാവധിയോ, അഞ്ചു വർഷമോ, ഏതാണോ ആദ്യം അവസാനിക്കുന്നത് അതോടെ അവസാനിക്കുന്നതും അപ്രകാരമുള്ള അധികാരികൾ അതതു ബോർഡിന്റെ അനുമതിയില്ലാതെ അപ്രകാരമുള്ള ലൈസൻസുകൾ റദ്ദാക്കാൻ പാടില്ലാത്തതുമാകുന്നു.

(2) ബന്ധപ്പെട്ട അധികാരികൾക്ക്, ഒരു വർഷത്തിൽ അധികരിക്കാത്ത വിധം, ആനുകാലികമായി വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതും, ഏതെങ്കിലും ലംഘനം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിലോ സംയുക്ത ലൈസൻസ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിലെ വിവരങ്ങൾ തെറ്റാണെന്ന് കാണുകയാണെങ്കിലോ ബന്ധപ്പെട്ട അധികാരികൾ സംയുക്ത ലൈസൻസ്, അപ്രകാരമുള്ള ലൈസൻസിൽ ചുമത്തപ്പെട്ട ഏതെങ്കിലും ഉപാധികൾ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാലോ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിനോ, റദ്ദാക്കുന്നതിന് ബോർഡിനോട് ശിപാർശ ചെയ്യാവുന്നതും, അങ്ങനെയുള്ള ശിപാർശ ലഭിച്ചാൽ ബന്ധപ്പെട്ട ബോർഡ്, സംയുക്ത ലൈസൻസ് റദ്ദാക്കേണ്ടതും അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന്, കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം അത് നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ച ശേഷവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ നൽകുന്ന എല്ലാ സംയുക്ത ലൈസൻസുകളും നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ഒരു അപേക്ഷ സമർപ്പിക്കുന്നതിൻമേൽ, അപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ ഏഴു ദിവസത്തിനകം ഒരു പ്രാവശ്യം അഞ്ചു വർഷക്കാലയളവിലേയ്ക്ക് പുതുക്കി നൽകേണ്ടതാണ്.".

6. <u>2013-ലെ 18-ാം ആക്റ്റിന്റെ ഭേദഗതി.</u>—2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ (2013-ലെ 18), 4-ാം വകുപ്പിൽ,—

(എ) (5)-ാം ഉപവകുപ്പിൽ,—

(i) "ഒരു വർഷക്കാലത്തേയ്ക്ക്" എന്ന വാക്കുകൾക്കു പകരം "മൂന്ന് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "പരിശോധനയ്ക്കും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5 എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക്, ഓരോ വർഷവും ഒരു പരിശോധന നടത്താവുന്നതും, പരിശോധനയിൽ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളുടേയോ വ്യവസ്ഥകളോ ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളുടെയോ നിബന്ധനകളുടെയോ ലംഘനം കാണുന്നപക്ഷം, ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ഓർഡിനൻസിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസിനുകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട്

സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വെയ്ക്കേണ്ടതും, അത് അപ്രകാരം വെയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 22), 3, 4, 8 വകുപ്പുകൾ ഒഴികെ, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത വകുപ്പുകൾ ഒഴികെയുള്ള പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട ബന്ധപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

# GOVERNMENT OF KERALA

## Law (Legislation-C) Department

### NOTIFICATION

No. 25890/Leg.C3/2017/Law.

*Dated, Thiruvananthapuram, 20th December, 2017 / 5th Dhanu, 1193 / 29th Agrahayana, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Investment Promotion and Facilitation (No. 2) Ordinance, 2017 (36 of 2017).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

33/4500/2017/S-18.

[Translation in English of "2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 36 OF 2017

## THE KERALA INVESTMENT PROMOTION AND FACILITATION (No. 2) ORDINANCE, 2017

Promulgated by the Governor of Kerala in the Sixty-eighth Year of the Republic of India.

*AN*

*ORDINANCE*

*to give effect to certain proposals of the Government of Kerala to avoid delay in granting various licences, permission, approvals, clearances required under various enactments and for other matters connected therewith or incidental thereto.*

*Preamble.*—WHEREAS, the Kerala Investment Promotion and Facilitation Ordinance, 2017 (22 of 2017) was promulgated by the Governor of Kerala on the 20th day of October, 2017;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala, in its session which held on the 9th day of November, 2017;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Investment Promotion and Facilitation (No.2) Ordinance, 2017.

(2) It shall be deemed to have come into force on the 20th day of October, 2017.

2. *Acts 13 of 1994, 20 of 1994, 5 of 2000 and 18 of 2013 to be temporarily amended.*—During the period of operation of this Ordinance, the Kerala Panchayat Raj Act, 1994, the Kerala Municipality Act, 1994, the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 and the Kerala Lifts and Escalators Act, 2013 shall have effect subject to the amendments specified in sections 3 to 6.

3. *Amendment of Act 13 of 1994.*—In the Kerala Panchayat Raj Act, 1994 (13 of 1994),—

(1) in section 232,—

(a) for the heading "DANGEROUS AND OFFENSIVE TRADES AND FACTORIES" before the said section, the heading "FACTORIES, TRADES, ENTREPRENEURSHIP ACTIVITIES AND OTHER SERVICES" shall be substituted;

(b) in sub-section (1), the words "being purposes which in the opinion of Government is likely to be offensive or dangerous to human life or health or property" shall be omitted;

(2) in section 233,—

(a) in sub-section (2), after the word "Secretary", the words "or officer authorized by the Secretary" shall be inserted;

(b) after sub-section (2), the following sub-section shall be inserted, namely:—

"(2A) The Secretary or officer authorized by him shall, issue an acknowledgement to the applicant, on receipt of application along with the supporting documents in the form, as may be prescribed, and shall verify the application and all supporting documents on the spot itself, and if any supporting document is not found attached along with the application, the Secretary or officer authorized by him shall, immediately inform the applicant, the list of missing documents, and allow the applicant to submit the missing documents as early as possible, but not later than five days from the date of receipt of application.";

(c) for sub-section (3), the following sub-section shall be substituted, namely:—

"(3) the Secretary or the officer authorised by him shall, as soon as may be, after the receipt of the application enquire and report to the Village Panchayat as to whether the establishment of the factory, workshop or workplace or other installation of machinery or manufacturing plant for which permission is applied for is objectionable by reason of density of population in the neighbourhood and possibility to cause nuisance or pollution and the Village Panchayat, after having considered the application and the reports of the Secretary and of such other authorities as specified in sub-section (4) may, as expeditiously as possible, at any rate within thirty days, grant the permission either absolutely or subject to such conditions as it thinks fit to impose.";

(d) in sub-section (4),—

(i) after the words "before granting", the words "or refusing" shall be omitted;

(ii) for the words "Village Panchayat" the word "Secretary" shall be substituted;

(iii) in clause (b), after the words "a report of the District Medical Officer", the words "in case the applicant is a hospital, clinic, para-medical institution and clinical laboratories and other healthcare institution," shall be inserted;

(e) after sub-section (5), the following sub-section shall be inserted, namely:—

"(6) If any order, on an application for permission under this section is not communicated to the applicant within fifteen days from the date of receipt of application by the Secretary, the application shall be deemed to have been allowed for the period required in the application subject to the Act, rules and bye laws and all conditions which would have been imposed and if any violation is noticed later, the Secretary shall have the power to cancel the licence after giving a show cause notice to the applicant stating the reason for such cancellation and after examining the submission if any, made within the time specified in the said notice and on such cancellation the Secretary may impose a penalty on the applicant for an amount not exceeding rupees five lakh.";

(3) in section 233A,—

(a) in sub-section (1), for the words "Village Panchayat" the word "Secretary" shall be substituted;

(b) for sub-section (2), the following sub-section shall be substituted, namely:—

"(2) The Secretary may obtain expert opinion from the departments concerned, with regard to the determination of the nuisance or its abatement, at the cost of the owner or person in charge of the factory, workshop, workplace or machinery concerned and such report shall be furnished, as soon as possible, but not later than fifteen days of reporting of such nuisance.".

4. *Amendment of Act 20 of 1994.*—In the Kerala Municipality Act, 1994 (20 of 1994),—

(1) in section 447,—

(a) for the heading "INDUSTRIES, FACTORIES AND OTHER TRADES" before the said section, the heading "INDUSTRIES, FACTORIES, TRADES, ENTREPRENEURSHIP ACTIVITIES AND OTHER SERVICES" shall be substituted;

(b) in sub-section (2), after the word "Secretary", the words "or Officer authorised by the him" shall be inserted;

(c) after sub-section (2) the following sub-section shall be inserted, namely:—

"(2A) The Secretary or the officer authorized by him shall, issue an acknowledgement to the applicant on receipt of application along with the supporting document in the form, as may be prescribed, and shall verify the application and all supporting documents immediately on receipt, and if any supporting document required is not attached with the application the Secretary or the Officer authorized by him shall immediately bring to the notice of the applicant the missing document, if any, and allow the applicant to submit the missing document at the earliest but not later than five days from the date of receipt of application.";

(d) for sub-section (3), the following sub-section shall be substituted, namely:—

"(3) The Secretary or the Officer authorized by him shall, within five days from the date of receipt of all supporting documents along with the prescribed clearance from other departments or authorities, by order and subject to such terms and conditions, as he deems fit, grant the licence for use of the place for conducting any industries, factories, trades, entrepreneurship activities or other services, as the case may be.";

(e) sub-section (3A) shall be omitted;

(f) in sub-section (4), for the words "three years" the words "five years" shall be substituted;

(g) after sub-section (5), the following sub-section shall be inserted, namely:—

"(5A) The license once granted under this section shall remain in force for a period of five years and shall be renewed automatically on payment of the prescribed fee, thirty days before the end of validity of the license for a further period of five years.";

(2) in section 448,—

(a) in sub-section (1), after the word "Secretary", the words "or officer authorised by him" shall be inserted;

(b) after sub-section (1), the following sub-section shall be inserted, namely:—

"(1A) The Secretary or the Officer authorized by him shall issue an acknowledgement to the applicant for the receipt of application along with the supporting document in such form, as may be prescribed, and the Secretary or the Officer authorized by him shall, verify the application and all supporting documents on the spot, and if any supporting document required is not attached with the application the Secretary or the Officer authorized by him shall immediately bring to the notice of the applicant, the missing document, if any, and allow the applicant to submit the missing document at the earliest but not later than five days from the date of receipt of application;";

(c) for sub-section (3), the following sub-section shall be substituted, namely:—

"(3) The Secretary, or the officer authorised by him shall, as soon as may be, after the receipt of application, report to the Council if the establishment of the factory or workshop or workplace or the installation of the machinery or manufacturing plant, for which the permission is applied for is objectionable by reason of causing nuisance, pollution due to the density of population in the neighbourhood and Council shall, after having considered the application and report of the Secretary and of such other authorities specified in sub-section (4) and as far as possible, within a maximum period of thirty days from the date of receipt of application grant the permission applied for absolutely or subject to such conditions as it deems fit.";

(d) in sub-section (4), in clause (b), after the words "report of the District medical officer of health", the words "if the applicant is a hospital, clinic, other healthcare institutions, para medical institutions or clinical laboratory" shall be inserted;

(e) after sub-section (5) the following sub-section shall be inserted, namely:—

"(5A) If any order on an application for permission under this section is not communicated to the applicant within thirty days from the date of receipt of application, by the Secretary, the application shall be deemed to have been allowed for the period required in the application subject to the Act, rules and bye laws and all conditions which would have been imposed:

Provided that if any violation is noticed later, the Secretary with the approval of the Council, may cancel the licence after giving a show cause notice to the applicant stating the reason for such cancellation and after examining the submission, if any, made within the time specified in the said notice:

Provided further that on such cancellation, the Secretary may impose a penalty on the applicant for an amount not exceeding rupees five lakh.";

(3) in section 449,—

(a) in sub-section (1), for the word 'Council', the word 'Secretary' shall be substituted;

(b) for sub-section (2), following sub-section shall be substituted, namely:—

"(2) The Secretary may obtain expert opinion from the departments concerned, with regard to the determination of the nuisance or its abatement, at the cost of the owner or person in charge of the factory, workshop, workplace or machinery concerned, and such report shall be furnished, as soon as may be, but not later than fifteen days of reporting of such nuisance.";

(4) in section 450,—

(a) after item (i), the following item shall be inserted, namely:—

"(j) Industrial units certified by the Kerala State Pollution Control Board as Green and White Category.";

(b) in the proviso, for the words, letters and brackets "item (h) and (i)" the words, letters and brackets "items (h), (i) and (j)" shall be substituted.

5. *Amendment of Act 5 of 2000.*—In the Kerala Industrial Single Window Clearance Boards And Industrial Township Area Development Act, 1999 (5 of 2000),—

(1) in the long title, for the words "required for setting up of industrial undertakings", the words "including renewal thereof required for setting up and for expansion, diversification and modernisation of enterprises" shall be substituted;

(2) in the preamble,—

(i) after the word "industries" the words "and enterprises" shall be inserted;

(ii) for the portion beginning with, "AND WHEREAS, for the speedy issue of various licences" and ending with "industrial area level" the following shall be substituted, namely:—

"AND WHEREAS, for the speedy issue of various licences, clearances and certificate required for setting up and running of enterprises and for issue of clearances for expansion, diversification, modernisation and renewal of licences for all enterprises in the State of Kerala and for that purpose it is necessary to establish Single Window Clearance Boards at the State, District and Industrial Area level";

(3) in section 2,—

(a) in clause (a),—

(i) after the word "Municipality", the words "any statutory bodies or service providers" shall be inserted;

(ii) after the word "permits", the words "or consents or renewal thereof" shall be inserted;

(iii) for the words "industrial undertaking", the word "enterprises" shall be substituted;

(b) after clause (b), the following clause shall be inserted, namely:—